"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം- എറണാകുളം ജില്ല - പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി.ആർ കൃഷ്ണകുമാറിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.870/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/04/2021

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 03.11.2016 ലെ ഇ 13 ( കൃവി 29/15/ഇ.കെ.എം/ എൽ.എസ്.ജി.ഡി)/30909/2015 നമ്പർ സത്വരാന്വേഷണ റിപ്പോർട്ട്

2 02.05.2017 തീയതിയിലെ EPB2/91/2017-LSGD നമ്പർ കുറ്റപത്രം.

3 പഞ്ചായത്ത് ഡയറക്ടറുടെ 17.05.2017 ലെ ഡി2-22544/15 നമ്പർ കത്ത്

4 18/03/2020 തീയതിയിലെ EPB2/91/2017-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. സി.ആർ കൃഷ്ണകുമാറിന്റെ 26.09.2020 തീയതിയിലെ എതിർവാദപത്രിക

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി ആർ. കൃഷ്ണകുമാർ പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ മറികടന്ന് പി.എസ്. ഗ്രൂപ്പ് ഹോളോ ബ്രിക്സ് കമ്പനിക്ക് industrial building permit നല്കി എന്ന ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിൽ റെഗുലറൈസേഷൻ ഫീസായി 2250/- രൂപ അടയ്ക്കുന്നതിന് കെട്ടിട ഉടമയായ ശ്രീ. സക്കറിയ പി. ഐസക്കിന് നിയമാനുസരണംനോട്ടീസ് നല്കിയിട്ടുള്ളതും അത് പഞ്ചായത്തിൽ അടച്ചുവെന്ന് ഉറപ്പുവരുത്താതെ ബിൽഡിംഗ് ടാക്സ് നിജപ്പെടുത്തി അടപ്പിച്ചതും കെട്ടിട നിർമ്മാണം കെ.പി.ബി.ആർ ന് വിധേയമാണെങ്കിലും 300 സ്ക്വ.മീ. ന് മുകളിൽ വരുന്ന വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഷീറ്റ് മേഞ്ഞ ടി കെട്ടിടത്തിന് ജില്ലാ ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കാതിരുന്നതു ടിയാന്റെ വീഴ്ചയായി കണക്കാക്കി ശ്രീ. സി.ആർ. കൃഷ്ണകുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്തതിനെ തുടർന്ന് ടിയാനെതിരെ പരാമർശം (2) പ്രകാരം കഠിനശിക്ഷക്ക് കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു.

പാമ്പാക്കുട ഗ്രാമപഞ്ചായത്തിൽ കാക്കൂർ പുതുശ്ശേരിൽ സക്കറിയ പി ഐസക് എന്നയാൾ ഓണക്കൂർ വില്ലേജിൽ 40 സെന്റ് സ്ഥലത്ത് 108 ച മീ വിസ്തീർണ്ണമുള്ള ഹോളോബ്രിക്സ് യൂണിറ്റ് നിർമ്മാണാനുമതിക്കായി 29.08.2013ൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും സ്ഥലപരിശോധന നടത്തി നിർമ്മാണാനുമതി നൽകാവുന്നതാണെന്ന അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയർ & റസ്ക്യൂ സർവ്വീസസ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവിടങ്ങളിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ ലഭ്യമാക്കി 29.01.2014 തീയതിയിൽ 108 ച മീ വരുന്ന കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിരുന്നു.കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ ഷെഡിന്റെയും, അനുബന്ധകെട്ടിടത്തിന്റെയും വിസ്തീർണ്ണം 332.93 ച മീ ആകയാൽ അനുമതി നൽകിയിട്ടുള്ളതിനെക്കാൾ 3 ഇരട്ടിയിലധികം ആണെന്ന് വ്യക്തമാണെങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണം ക്രമവൽക്കരിച്ച് കെട്ടിട നമ്പർ നൽകിയിട്ടുള്ളതാണ്.ടി നിർമ്മാണയൂണിറ്റിൽ നിന്നും മലിനീകരണം ഉണ്ടാകുന്നതായുള്ള സമീപവാസികളുടെ പരാതി

നിലനിൽക്കുന്നതാകയാൽ ഡി & ഒ ലൈസൻസ് നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചവെങ്കിലും ലൈസൻസ് നിഷേധിച്ചതിനെതിരെ ശ്രീ.സ്കറിയ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c)16095/16 കേസിന്മേൽ കോടതിയുടെ 29.01.2016 ഇടക്കാല ഉത്തരവ് പ്രകാരം 2015-16 വർഷത്തെ ലൈസൻസ് അനുവദിക്കുകയും 2016-17 വർഷത്തേക്ക് ലൈസൻസ് പുതുക്കി നൽകുകയും ചെയ്തിട്ടുള്ളതാണെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

മേൽ വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ മുമ്പാകെ 1196/14 നമ്പർ അപ്പീലും ബഹു.ഹൈക്കോടതിയിൽ WP(c)16095/16, നമ്പർ കേസ് കൂടാതെ WP(C)19034/15,WP(C)19717/15,WP(c)39059/15WP(C)11068/16,WP(C)21964/16,WP(C)1830/16WA 2712/15{2711/15/16 എന്നീ നമ്പർ കേസുകൾ ഫയൽ ചെയ്തിട്ടുള്ള വിവരവും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കെ പി ബി ആർ 2011ലെ ചട്ടം 59(2) പ്രകാരം വ്യവസായ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങൾക്ക് 300 ച മീ ന് മുകളിൽ 1000 ച മീ വരെ റെഗുലറൈസ് ചെയ്യുന്നതിന് ജില്ലാ ടൗൺ പ്ലാനറുടെ ലെ ഔട്ട് അപ്രൂവൽ ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അപ്രകാരമുള്ള അനുമതി തേടാതെയാണ് കെട്ടിടനിർമ്മാണം റെഗുലറൈസ് ചെയ്തിട്ടുള്ളത്.

ശ്രീ.കൃഷ്ണകുമാറിനെതിരെ സർക്കാർ തലത്തിൽ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ച വരവെ ടിയാൻ 30.11.2017 ൽ സേവനത്തിൽ നിന്ന് വിരമിച്ചതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ടിയാനെതിരെ പരാമർശം (2) പ്രകാരം K.C.S (C.C & A) ചട്ടങ്ങൾ പ്രകാരം കുറ്റപത്രം നൽകി ആരംഭിച്ച അച്ചടക്ക നടപടി തുടരാൻ കഴിയാത്തതിനാൽ ടിയാനെതിരെ പരാമർശം (4) പ്രകാരം കെ എസ് ആർ പാർട്ട് III അനുസരിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്കനടപടി ആരംഭിച്ചു.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.കൃഷ്ണകുമാർ പരാമർശം (5) പ്രകാരം സമർപ്പിച്ച എതിർവാദപത്രികയിൽ പി.എസ് ഗ്രൂപ്പ് ഹോളോബ്രിക്സ് കെട്ടിടത്തിന് നമ്പർ നൽകിയപ്പോൾ ക്രമവൽക്കരണത്തിന് കണക്കാക്കിയിരുന്ന ഫീസ് 2250/- രൂപ അപേക്ഷകനിൽ നിന്നും ഈടാക്കാൻ വിട്ടുപോയിട്ടുള്ളതാണെന്നും ആയത് ഓഫീസിൽ നിന്നും വന്ന ഒരു വീഴ്ചയായി അംഗീകരിക്കുന്നു എന്നും ടി തുക സർക്കാർ നിശ്ചയിക്കുന്ന പലിശ ഉൾപ്പെടെ ഒടുക്കുന്നതാണെന്നും മേൽ പ്രവൃത്തികൾ മൂലം പഞ്ചായത്തിനോ സർക്കാരിനോ യാതൊരുവിധ കഷ്ട നഷ്ടങ്ങൾ സംഭവിച്ചിട്ടില്ല എന്നും കെട്ടിടം പണിക്കെതിരെ പരാതികൾ ഒന്നും ഉണ്ടായിരുന്നില്ല എന്നും അറിയിച്ചിരിക്കുന്നു. ടി കെട്ടിടത്തിൽ ഹോളോബ്രിക്സ് യൂണിറ്റ് നടത്തുന്നതിന് ലൈസൻസ് നൽകിയതു സംബന്ധിച്ച് പഞ്ചായത്ത് എതിർകക്ഷിയായി ബഹു.കേരള ഹൈക്കോടതിയിൽ W.A 2711/15, 2712/15 എന്നീ നമ്പരുകളിലായി ശ്രീമതി.റാഹേൽ എബ്രഹാം സമർപ്പിച്ചിട്ടുള്ള ഹർജികൾ തീർപ്പാക്കാതെ അവശേഷിക്കുന്നതായും ടിയാൻ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ.കൃഷ്ണകുമാറിന്റെ എതിർവാദ പത്രികയിലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് മുൻപായി ചട്ടപ്രകാരം ഒരു ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ട്. ഔപചാരിക അന്വേഷണം നടത്തുന്നതിനായി എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , എറണാകുളം
   (പരാമർശം 1-5 എന്നിവയുടെ പകർപ്പുകൾ സഹിതം)
2. ശ്രീ. സി. ആർ കൃഷ്ണകുമാർ, മുൻ സെക്രട്ടറി പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ട് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.എം.കെ, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.04.15 16:02:08 IST
Reason: Approved

സെക്ഷൻ ഓഫീസർ